# ഇറ്റലിയെന്ന സ്വപ്ന ഭൂമിയിലേക്ക്

■ കാരൂർ സോമൻ

പ്രവാസത്തിന്റെ ആദ്യ ഘട്ടം എനിക്ക് സൗദി അറേബ്യയിലായിരുന്നു. അതു കഴിഞ്ഞ് യൂറോപ്പിലേക്ക്. അവിടെ ആദ്യമെത്തുന്നതു തന്നെ യു.കെയിൽ. സൗദിയിൽ ജോലി ചെയ്യുമ്പോൾ തുടങ്ങിയതാണ് എന്റെ ലോക പര്യടനങ്ങൾ. എന്റെ അടുത്ത പര്യടനം ഇറ്റലിയിലേക്കായിരുന്നു. ഇറ്റാലിയൻ സന്ദർശനം കുറച്ച് കാശ് ചെലവാകുന്ന ഏർപ്പാടാണെന്ന് അറിയമായിരുന്നു. കുറഞ്ഞ ചെലവിൽ, എന്നാൽ പരമാവധി പര്യവേക്ഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു തന്നെ അവിടെ എങ്ങനെ എത്തിച്ചേരാം എന്ന ഗവേഷണത്തിലായിരുന്നു ഞാൻ ദീർഘകാലം.

അങ്ങനെ ഒടുവിൽ 2014 മധ്യത്തോടെ ഇറ്റലി എന്ന സ്വപ്നം എന്റെ കണ്ണുകൾക്കും മനസ്സിനും വിരുന്നായി. ഫ്രാൻസിൽ പോയതു പോലെ തന്നെ സർവതന്ത്ര സ്വതന്ത്രനായിട്ടായിരുന്നു ഇറ്റലിയിലേക്കുള്ള യാത്രയും. അതാണല്ലോ പതിവും. ടൂർ ഓപറേറ്റർ വഴിയോ ആ നാട്ടിലെ വേണ്ടപ്പെട്ടവർ വഴിയോ ഒക്കെ പോയാൽ ആ നാടിന്റെ ഉള്ള് അറിയാൻ കഴിയില്ല എന്നാണ് എന്റെ അനുഭവം. അതുകൊണ്ടു തന്നെ ഇറ്റലി യാത്രയ്ക്ക് ഞാൻ രണ്ടും കൽപിച്ച് ആ റിസ്ക് എടുക്കാൻ തീരുമാനിച്ചു. സ്വയം തീരുമാനിച്ച്, സ്വയം പ്ലാൻ ചെയ്ത് സ്വന്തമായി നടത്തുന്ന ഒരു യാത്ര. അറിയാത്ത നാട് , അറിയാത്ത ഭാഷ... കൂട്ടിക്കൊണ്ടു പോയി സ്ഥലം കാണിച്ചു തരാൻ പരിചയക്കാരില്ല. എല്ലാം കൊണ്ടും പെർഫക്ടായ ഒരു 'സാഹസിക' ഇറ്റാലിയൻ യാത്ര. എല്ലാം വരുന്നിടത്തു വെച്ചു കാണാം എന്ന മട്ടിലുള്ള രണ്ടു സഹയാത്രികരെ കൂടി സംഘടിപ്പിച്ചു കഴിഞ്ഞതോടെ മിഷൻ ഇറ്റലി ശരിക്കും ചൂടുപിടിച്ചു.പിന്നെയങ്ങോട്ടു മൂന്ന് ആഴ്ചകളോളം പ്ലാനിംഗ് ആയിരുന്നു. പണ്ടു സ്കൂളിലെ ഹിസ്റ്ററി ക്ലാസിൽ പോലും ഞാൻ ഇത്രയും ആത്മാർത്ഥമായി ഒരു നാടിനെപ്പറ്റിയും വായിച്ചു പഠിച്ചിട്ടില്ല. 'ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങൾ' ഇതായിരുന്നു ഞങ്ങളുടെ പ്ലാനിംഗിന്റെ ബേസ് ലൈൻ. ഇനിയിപ്പോ ഇതൊക്കെ വായിച്ച് ആർക്കെങ്കിലും ഇറ്റലിയിൽ പോകണമെന്നു തോന്നിയാൽ, ദാ ഈ സംഭവങ്ങളൊക്കെ ഒന്നു മനസ്സിലാക്കി വെച്ചാൽ മതി.ആദ്യമായി ഇറ്റലിയുടെ റെയിൽവേ വെബ്സൈറ്റ് സെർച്ച് ചെയ്തു കണ്ടെത്തി. മടിശ്ശീലയുടെ കനമനുസരിച്ച് പല ടൈപ്പ് ട്രെയിനുകൾ സെലക്ടു ചെയ്യാം അതിൽ ഏറ്റവും ഡ്യൂക്കിലിയാണ് റീജണൽ ട്രെയിനുകൾ. ടിക്കറ്റ് ചാർജ് തീരെ കുറവ്, അതുകൊണ്ടെന്താ.. സ്പീഡും അത് പോലെ തന്നെ തീരെക്കുറവ്. കൂട്ടത്തിൽ ഏറ്റവും അഹങ്കാരിയാണ് യൂറോസ്റ്റാർ ട്രെയിൻ. പേരൊന്നാണെങ്കിലും ഇതിനു ഫ്രാൻസ്, ബെൽജിയം, നെതർലാൻഡ്സ്, ലണ്ടൻ ഒക്കെ കണക്ട് ചെയ്തോടുന്ന യൂറോസ്റ്റാറുമായി ഒരു ബന്ധവുമില്ല. ഇതിന് ടിക്കറ്റ് നിരക്ക് വളരെ കൂടുതലാണ്. പക്ഷേ, അതിവേഗം ലക്ഷ്യസ്ഥാനങ്ങളിലെത്തിക്കാൻ ഇവൻ തന്നെ മിടുക്കൻ. ഇതിന്റെ രണ്ടിന്റേയും ഇടയ്ക്ക് ഇന്റർസിറ്റി ട്രെയിനുകളും തേരാപ്പാരാ ഓടുന്നുണ്ട്. ഇനീപ്പോ ഇതിലും സ്പീഡിൽ എത്തണമെന്നു തോന്നിയാൽ ഫ്ളൈറ്റ് പിടിക്കേണ്ടി വരും. ഇറ്റലിയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളുടെയെല്ലാം അടുത്ത് വിമാനത്താവളങ്ങളുണ്ട്. ട്രെയിൻ ടിക്കറ്റൊക്കെ ഓൺലൈൻ ആയി ബുക്ക് ചെയ്യാം.അല്ലെങ്കിൽ റെയിൽവേ സ്റ്റേഷനിൽ തന്നെ 'ടിക്കറ്റിംഗ് മെഷീൻസ്' ഉണ്ട്. അതിന് അഞ്ചാറു ഭാഷകൾ മനസ്സിലാകും.

നമ്മുടെ ഇംഗ്ലീഷും അതിൽ ഒന്നാണ്. റോമിന്റെ ബസ് ഇൻഫർമേഷൻ വെബ്സൈറ്റ് പരിശോധിച്ചാൽ റോഡ് യാത്രയും ആശ്വാസകരമാക്കാം. കംപ്ലീറ്റ് ബസുകളുടെ വിവരങ്ങളും ഇതിലുണ്ട്. എന്നാൽ പിന്നെ ഇതിൽ നോക്കി ആവശ്യം വന്നേക്കുമെന്നു തോന്നുന്ന ബസ് നമ്പറൊക്കെ കാണാപ്പാഠം പഠിച്ചിട്ടു പോയേക്കാമെന്നു വിചാരിക്കുന്നവരുടെ ശ്രദ്ധക്ക്... രാത്രി പന്ത്രണ്ടു മണി കഴിഞ്ഞാൽ റോമിലെ സാധാരണ ബസ് സർവ്വീസ് സ്റ്റോപ് ചെയ്യും. പിന്നെ നേരം വെളുക്കുന്നതു വരെ നൈറ്റ് സർവ്വീസ് ആണ്. അതുകൊണ്ട് കാണാപ്പാഠം പഠിക്കുമ്പോൾ നൈറ്റ് സർവ്വീസ് ബസുകളുടെയും കൂടി നമ്പർ ഓർത്തു വെച്ചാൽ നല്ലത്. (തുടരും)


ഇറ്റലിയിലെ പ്രകൃതി മനോഹരമായ പ്രദേശത്തു കൂടി കടന്നു വരുന്ന ട്രെയിൻ.



തിരൂരിലെ വാഗൺ ട്രാജഡി സ്മാരക ടൗൺഹാൾ.

## മലപ്പുറത്തിന്റെ ടൂറിസം ഭൂപടത്തിന് മൊഞ്ചേറെ

ഈ നൂറ്റാണ്ട് പിറക്കുമ്പോൾ കൊച്ചിയിലേയും തൃശൂരിലേയും അയൽ സംസ്ഥാനത്തെ മേട്ടുപാളയത്തേയും വാട്ടർ തീം പാർക്കുകളിൽ കൂടുതലായെത്തിയിരുന്നത് മലപ്പുറത്ത് നിന്നുള്ള കുടുംബങ്ങളാണ്. ഇപ്പോൾ ചിത്രമാകെ മാറി. ജില്ലാ ആസ്ഥാനമായ മലപ്പുറത്തെ കോട്ടക്കുന്ന് മുതൽ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ എണ്ണം ജില്ലയിൽ പെരുകി. ആളനമിക്കമില്ലാതിരുന്ന കോട്ടക്കുന്ന് കേരളത്തിലെ തിരക്കേറിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നാണിപ്പോൾ. നിലമ്പൂരും പൊന്നാനിയും വളാഞ്ചേരിയും തിരൂരും കടലുണ്ടിക്കടവും കോട്ടക്കലുമെന്ന് വേണ്ട ജില്ലയിൽ സഞ്ചാരികളെ ആകർഷിക്കുന്ന നിരവധി കേന്ദ്രങ്ങളുണ്ട്.

മലബാർ കലാപത്തിലെ വാഗൺ ട്രാജഡിയെ ഓർമ്മിപ്പിക്കുന്ന തിരൂരിലെ സ്മാരകം, ലോകത്ത് ഏറ്റവും വലിയ തേക്കുമരങ്ങളുള്ള നിലമ്പൂരും അവിടത്തെ തേക്ക് മ്യൂസിയവും, പ്രസിദ്ധ ആയുർവേദ ചികിത്സാകേന്ദ്രമായ കോട്ടയ്ക്കൽ ആര്യ വൈദ്യശാല, മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ ജന്മസ്ഥലമായ തുഞ്ചൻ പറമ്പ്, പൂന്താനത്തിന്റെ ഇല്ലമായ പെരിന്തൽമണ്ണയ്ക്കടുത്തുള്ള കീഴാറ്റൂർ, മാപ്പിള കവിയായ മോയിൻകുട്ടി വൈദ്യരുടെ കർമ്മഭൂമി, മാമാങ്കം നടന്നിരുന്ന തിരുനാവായ തുടങ്ങിയവയെല്ലാം മലപ്പുറത്താണ്. മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ ജന്മദേശമാണ് തിരൂർ. തിരൂർ തുഞ്ചൻ പറമ്പ് ഈ അർഥത്തിൽ പ്രാധാന്യമർഹിക്കുന്നു. വാഗൺ ട്രാജഡി സംഭവിച്ച സ്ഥലവും തിരൂർ തന്നെയാണ്. തിരൂരിൽ നിന്നും ഏതാനും കിലോമീറ്ററുകൾ അപ്പുറത്താണ് ചരിത്ര പ്രസിദ്ധമായ മാമാങ്കം നടന്ന നിളാ തീരത്തെ തിരുനാവായ. വാവുബലിക്കും മറ്റും പതിനായിരങ്ങളെത്തുന്നതും ഇവിടെത്തന്നെയാണ്. തൃക്കണ്ടിയൂർ ക്ഷേത്രത്തിലെ വാവുത്സവം, കല്ലിങ്ങൽ നേർച്ച, കാളപൂട്ട്, തുഞ്ചൻ പറമ്പിലെ ദശമി ആഘോഷം എന്നിവ തിരൂരിലെ പ്രധാന ആഘോഷങ്ങളാണ്.

ആയുർവേദത്തിന്റെ നാട് എന്നറിയപ്പെടുന്ന കോട്ടക്കൽ മലപ്പുറം ജില്ലയിലെ പ്രധാന പട്ടണമാണ്. വൈദ്യരത്നം പി.എസ് വാര്യർ സ്ഥാപിച്ച പ്രശസ്തമായ കോട്ടക്കൽ ആര്യ വൈദ്യശാല ഇവിടെയാണ്. ആര്യവൈദ്യശാലയുടെ പ്രശസ്തി തന്നെയാണ് ഈ പ്രദേശത്തെ വിശ്വപ്രശസ്തമാക്കിയത്. ആയുർവേദത്തിനു പുറമെ, ഗൃഹസാമഗ്രികളുടെ വ്യവസായം കൊണ്ടും ഇവിടം പ്രശസ്തമാണ്.

ജില്ലയിലെ ഒരു പുരാതന തുറമുഖ നഗരമാണ് പൊന്നാനി. അറബിക്കടലിന്റെ തീരത്താണ് ഈ നഗരം. മലപ്പുറം ജില്ലയിലെ ഒരേയൊരു തുറമുഖവും പൊന്നാനിയിലാണ്. പൊന്നാനിയിലെ വലിയ ജമാഅത്ത് പള്ളി വാസ്തുശിൽപ മാതൃക കൊണ്ടും മതപഠനകേന്ദ്രം എന്ന നിലയിലും ശ്രദ്ധേയമാണ്. ഇവിടുത്തെ പ്രശസ്തമായ ഒരു വിനോദസഞ്ചാര കേന്ദ്രമാണ് ബീയ്യം കായൽ. കായൽ തീരത്തുള്ള വിശ്രമ കേന്ദ്രം വിനോദ സഞ്ചാരികൾക്കു സുഖകരമായ താമസമൊരുക്കുന്നു. മാറഞ്ചേരിയെയും പൊന്നാനി നഗരസഭയെയും ബന്ധിപ്പിക്കുന്ന ബിയ്യം കായലിന് കുറുകെയുള്ള തൂക്കുപാലം, ബോട്ടിംഗ് സൗകര്യം ഇവയെല്ലാം ഇവിടത്തെ ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

വളഞ്ഞ് പുളഞ്ഞൊഴുകുന്ന ചാലിയാറിന്റെ ശീതളിമ ഹൃദ്യമായ കാഴ്ചാനുഭവം തന്നെയാണ്. ചാലിയാറിന്റെ കരയിലുള്ള ചരിത്രപ്രാധാന്യമർഹിക്കുന്ന പട്ടണമാണ് നിലമ്പൂർ. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്കിൻതോട്ടമുള്ള പട്ടണമെന്ന നിലയിലാണ് നിലമ്പൂർ ശ്രദ്ധേയമാകുന്നത്. ലോകത്തിലെ ആദ്യത്തെ തേക്ക് മ്യൂസിയം സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിന് കീഴിലാണ് മ്യൂസിയം പ്രവർത്തിക്കുന്നത്. തേക്കുകളുമായി ബന്ധപ്പെട്ട സർവവും മ്യൂസിയത്തിൽ നിന്ന് മനസ്സിലാക്കാം. തേക്കു കൊണ്ട് തീർത്ത ശിൽപങ്ങളും ഇവിടെയുള്ള മറ്റൊരു കാഴ്ചയാണ്. നിലമ്പൂരിന് സമീപം കുറുമ്പലകോട്ടാണ് ആഢ്യൻ പാറ വെള്ളച്ചാട്ടം. വെള്ളച്ചാട്ടത്തിന് ഏകദേശം 300 അടിയോളം ഉയരമുണ്ട്. നിത്യഹരിത വനങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നതും , വേനൽ കാലത്ത് പോലും വറ്റാത്തതുമായ കാഞ്ഞിരപ്പുഴയിലാണ് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നത്. കടലുണ്ടി പുഴ അറബിക്കടലിനോട് ചേരുന്നിടത്തെ മനോഹരമായ ചെറു ദ്വീപുകളിലാണ് ജില്ലയിലെ ഏറ്റവും വലിയ പക്ഷികേന്ദ്രം. ബോട്ടിൽ ദ്വീപുകൾക്ക് സമീപം സഞ്ചരിച്ച് പക്ഷികളെ നിരീക്ഷിക്കാം. നീലപൊന്മാൻ, മലബാർ മലമുഴക്കി വേഴാമ്പൽ തുടങ്ങി ഒട്ടനവധി പക്ഷികളെ ഈ സങ്കേതത്തിൽ കാണാൻ സാധിക്കും. വള്ളിക്കുന്ന് പഞ്ചായത്തിലെ കടലുണ്ടി നഗരത്തിലാണ് കടലുണ്ടി പക്ഷിസങ്കേതം. പെരിന്തൽമണ്ണക്ക് സമീപമാണ് കൊടികുത്തിമല. സഞ്ചാരികൾക്ക് പ്രകൃതി കനിഞ്ഞരുളിയ സുന്ദര താവളമാണിവിടം. സമുദ്രനിരപ്പിൽ നിന്ന് 522 മീറ്റർ ഉയരമുള്ള പ്രദേശമെന്നതാണ് കൊടികുത്തി മലയുടെ പ്രത്യേകത. കൊടികുത്തി മലയുടെ മുകളിൽ നിന്നാൽ പെരിന്തൽമണ്ണയുടെയും പ്രകൃതിരമണീയത ആസ്വദിക്കാം. നെടുങ്കയത്തെ മഴക്കാടുകൾ വന്യമൃഗങ്ങളായ ആന, മുയൽ, മാൻ തുടങ്ങിയവയുടെ വാസകേന്ദ്രമാണ്. നിത്യഹരിത വനപ്രദേശങ്ങളും, തേക്കിൻ തോട്ടങ്ങളും പുഴകളും നെടുങ്കയത്തെ ആകർഷകമാകുന്ന വിഭവങ്ങളാണ്. ഇങ്ങനെയുള്ള പല പ്രത്യേകതകളും പ്രകൃതി കനിഞ്ഞു നൽകിയ സുന്ദരമായ പ്രദേശമാണ് മലപ്പുറം ജില്ല.

-എ

## സൗത്ത് ഏഷ്യ ട്രാവൽ പുരസ്കാരം സ്പൈസ് റൂട്ട്സ് ലക്ഷുറി ക്രൂയിസിന്

ടൂറിസം മേഖലയിലെ സുപ്രധാന പുരസ്കാരമായ സൗത്ത് ഏഷ്യൻ ട്രാവൽ അവാർഡ് സിനമൺ ഹൗസ് ബോട്ട്സ് ഓഫ് സ്പൈസ് റൂട്ട്സ് ലക്ഷുറി ക്രൂയിസിന്. ഹൗസ് ബോട്ടുകളിലെ ആഡംബര സൗകര്യങ്ങളിൽ പുത്തൻ പ്രവണത സൃഷ്ടിച്ചത് കണക്കിലെടുത്താണ് അവാർഡ്. ശ്രീലങ്കയിലെ മൗണ്ട് ലവാനിയ ഹോട്ടലിൽ നടന്ന ചടങ്ങിൽ സ്പൈസ് റൂട്ട്സ് ലക്ഷുറി ക്രൂയിസ് ഡയറക്ടർമാരായ സ്കറിയ ജോസ്, ജോബിൻ ജെ അക്കരക്കളം എന്നിവർ സാറ്റ വൈസ് പ്രസിഡന്റ് തുവാൻ സാബിർ വാഫൂരിൽ നിന്നും ഏറ്റുവാങ്ങി.

കേരളത്തിലെ കായലുകളുടെ മാസ്മരികത അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടവയാണ്. പഴയ കെട്ടുവള്ളങ്ങൾ ഹൗസ് ബോട്ടുകളായി രൂപാന്തരപ്പെടുത്തിയാണ് അതിൽ അത്യാധുനിക ആഡംബര സൗകര്യങ്ങൾ ഒരുക്കിയതെന്ന് ജോബിൻ ചൂണ്ടിക്കാട്ടി.

ടൂറിസം രംഗത്ത് ശ്രീലങ്കയും മാലദ്വീപും കേരളത്തിന് കടുത്ത വെല്ലുവിളിയാണ് ഉയർത്തിക്കൊണ്ടിരിക്കുന്നത്. സഞ്ചാരികൾക്ക് മികച്ച സേവനം നൽകുന്നു എന്നതിന്റെ സാക്ഷ്യപത്രമാണ് ഈ പുരസ്കാരമെന്ന് സ്കറിയ ചൂണ്ടിക്കാട്ടി. കേരള ടൂറിസം മുന്നോട്ടു വെയ്ക്കുന്ന മേഖലകളിലേക്ക് കൂടുതൽ വെളിച്ചം പകരാൻ ഈ പുരസ്കാരത്തിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സേവനങ്ങൾ, സൗകര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് സാറ്റ പുരസ്കാരം നൽകുന്നത്. നിരവധി അന്താരാഷ്ട്ര ട്രാവൽ സംഘടനകൾ അംഗീകരിച്ച പുരസ്കാരമാണിത്. ശ്രീലങ്ക, ഇന്ത്യ, മാലദ്വീപ് എന്നിവിടങ്ങളിലെ ടൂറിസം മേഖലയെ അടിസ്ഥാനമാക്കിയാണ് ഈ പുരസ്കാരം നൽകുന്നത്. 39 ഇനങ്ങളിലായി പത്ത് പുരസ്കാരങ്ങളാണ് സാറ്റ നൽകുന്നത്. മൂന്നു രാജ്യങ്ങളിൽ നിന്നായി 260 എൻട്രികളാണ് ഇക്കുറി ഉണ്ടായിരുന്നത്. ലീഡിംഗ് ഹൗസ് ബോട്ട് എന്ന വിഭാഗത്തിലായിരുന്നു പുരസ്കാരം.


അതിരപ്പിള്ളിയുടെ മനോഹാരിത


ആളിയാർ ഡാമിലെ കാഴ്ചകൾ

# വർണ വിസ്മയ കാഴ്ചകൾ തേടി

■ സമദ് ചോലക്കൽ, ജിദ്ദ

ചാലക്കുടി മുതൽ പൊള്ളാച്ചി വരെയുള്ള ഒരു ഏകദിന സഞ്ചാരം. കാഴ്ചയുടെ വർണ വസന്തം ആവോളം നുകർന്നുള്ള യാത്ര. വെള്ളച്ചാട്ടങ്ങളും നിബിഡ വനങ്ങളും പിന്നെ പുഴകളും പൂക്കളും മഞ്ഞും മലകളും അങ്ങനെ പ്രകൃതിയുടെ സൗന്ദര്യം പൂർണമായി ആസ്വദിച്ച് ശാന്തമായ ഒരു സഞ്ചാരം. കഴിഞ്ഞ ഓണക്കാലത്ത് ഞാനും എന്റെ നാല് സുഹൃത്തുക്കളായ കാസിം, ബഷീർ, ബീരാൻ കുട്ടി, സിദ്ധീഖ് എന്നിവരും കൂടിയാണ് ഈ റൂട്ട് തെരഞ്ഞെടുത്തത്. സേലം കന്യാകുമാരി ദേശീയപാത 47 ൽ ചാലക്കുടിയിൽ നിന്നും ഇടത്തോട്ട് തിരിഞ്ഞ് ഇരുപത് കി.മീ. സഞ്ചരിച്ചാൽ അതിരപ്പിള്ളി മേഖല. ആദ്യം ചെന്നെത്തിയത് തമ്പൂർമുഴി റിവർ ഡൈവർട്ട്. ചാലക്കുടി പുഴയുടെ ഭാഗമായ ഈ നദി പല വകഭേദങ്ങളായി മാറുന്ന കാഴ്ച അതിമനോഹരമാണ്. പാറക്കല്ലുകൾക്കു മീതെയുള്ള വെള്ളത്തിന്റെ സഞ്ചാരവും തടയണ കര കവിഞ്ഞൊഴുകുന്ന വെള്ളവും ചെറിയ ജലധാരയായി നമുക്കനുഭവപ്പെടും.

ഈ പുഴയോരം പാർക്കിനെയും എറണാകുളം ജില്ലയിലെ ഏഴാറ്റു മുഖം പുഴയോര പാർക്കിനെയും ബന്ധിപ്പിച്ച് തൂക്ക് പാലവും പിന്നെ വാച്ച് ടവറുകളും കാഴ്ചയുടെ സൗന്ദര്യം ഉച്ചസ്ഥായിയിലെത്തിക്കും. നിരവധി പൂമ്പാറ്റകളുടെ ആവാസ കേന്ദ്രമായ ഇവിടെ 140 ഇനം വ്യത്യസ്ത ചിത്രശലഭങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ബ്ളൂ ടൈഗർ, ബ്ളൂ ബോട്ടിൽ ഭീമാകാരൻമാരായ ഗരുഢ ശലഭം തുടങ്ങിയവ ഇവിടെ സാധാരണ കണ്ടുവരുന്നവയാണ്. ഞങ്ങളുടെ യാത്ര ഓണ സമയമായതിനാൽ സംസ്ഥാന ടൂറിസം വകുപ്പിന്റെയും അതിരപ്പിള്ളി വാഴച്ചാൽ ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിലിന്റെയും ആഭിമുഖ്യത്തിലുള്ള വിനോദ സഞ്ചാര വാരാഘോഷവും നടക്കുന്ന സമയവുമായത് ഇരട്ടി മധുരമായി. ചക്ക മഹോത്സവവും ഭക്ഷ്യമേളയും വൈൽഡ് ലൈഫ് ചിത്രപ്രദർശനവും കലാപരിപാടികളുമായി ഇവിടം മഹാ ഉത്സവ മാമാങ്കമായി. ഇവിടെ സന്ദർശനം കഴിഞ്ഞ് പന്ത്രണ്ട് കി.മീ. ദൂരം അതിരപ്പിള്ളിയിലേക്ക്. റോഡിന് വശങ്ങളിലെ എണ്ണപ്പനകളുടെ കൗതുക കാഴ്ചകൾ അവസാനിക്കുമ്പോഴേക്ക് വെള്ളച്ചാട്ടത്തിന്റെ വിദൂര കാഴ്ചകൾ. 24 മീറ്റർ ഉയരത്തിൽ നിന്നും താഴേക്ക് പതിക്കുന്ന അതിശക്തമായ ഈ വെള്ളച്ചാട്ടങ്ങൾ നിരവധി ബഹുഭാഷാ ഇന്ത്യൻ സിനിമാ ചിത്രങ്ങളുടെ അഭ്രപാളികളിൽ പതിഞ്ഞിട്ടുണ്ട്. അതിരപ്പിള്ളി വനമേഖല നിരവധി സസ്യ ജൈവ ജന്തുസമ്പത്തിന്റെ കലവറ കൂടിയാണ്.

അത് കഴിഞ്ഞ് നേരെ വാഴച്ചാലിലേക്ക്. അഞ്ച് കി.മീ. ദൂരം. ഇടക്ക് റോഡ് സൈഡിൽ ശാന്തമായ ഒഴുക്കോടെയുള്ള വെള്ളചാട്ടവും കണ്ടു. ചാർപ്പ വെള്ളച്ചാട്ടം എന്നാണ് ഇതറിയപ്പെടുന്നത്. പരന്നു കിടക്കുന്ന ചെറു പാറക്കെട്ടുകളിലൂടെ മലവെള്ളം കുത്തിയൊലിച്ചെത്തുന്ന കാഴ്ചകൾ. വെള്ളച്ചാട്ടത്തിലെ മഞ്ഞണിഞ്ഞ ജലവും പാറകൾ നിറഞ്ഞ ഭൂപ്രകൃതിയും കാടും സഞ്ചാരികളെ ഏറെ ആകർഷിക്കുന്നു. വാഴച്ചാലിലെ നയന മനോഹര വെള്ളച്ചാട്ട കാഴ്ചകൾക്കു ശേഷം ഇവിടുത്തെ ഫോറസ്റ്റ് ഡിവിഷൻ ചെക്ക് പോസ്റ്റിൽ വാൾപാറയിലേക്കുള്ള യാത്രയുടെ വിവരങ്ങൾ എഴുതി നൽകി കാട്ടിലൂടെയുള്ള യാത്രാനുമതിക്കായി കാത്തു നിന്നു. പിന്നീടുള്ള യാത്ര നിബിഡ വനത്തിലൂടെ. മരച്ചില്ല മേലാപ്പ് വിരിച്ച സൂര്യപ്രകാശം എത്തി നോക്കാൻ മടിക്കുന്ന സിംഗിൾ റോഡിലൂടെയുള്ള യാത്രയിൽ എതിർദിശയിൽ നിന്നും വരുന്ന വാഹനങ്ങൾ പോകാൻ നന്നെ ബുദ്ധിമുട്ടി.

കുറെ നേരം യാത്ര ചെയ്ത് മനോഹര പുഴയുടെ തീരത്തെത്തി.നല്ല പച്ചപ്പ്. പിന്നെയും വിജനമായ വഴികൾ പിന്നിട്ട് ഏറെ ദൂരം. പെരിങ്ങൽക്കുത്ത് ഡാമിന്റെ വിദൂര ദൃശ്യം. അതിന് ശേഷം മലക്കപ്പാറ എന്ന കേരളത്തിന്റെ അതിർത്തി ഗ്രാമം. നോക്കെത്താ ദൂരത്തെ തേയില തോട്ടങ്ങളുടെ ഇളം പച്ച മേലാപ്പിന്റെ വശ്യമായ ദൃശ്യ ഭംഗി. ഭക്ഷണം കഴിച്ച് പുറത്തിറങ്ങിയ ശേഷമാണ് സമയക്രമത്തിന്റെ കാര്യം ഓർമ വന്നത്. മുമ്പിൽ ചെക്ക് പോയന്റ്. ഇവിടെ എത്താൻ കുറച്ച് വൈകിയിട്ടുണ്ട്. അവിടെ നിന്നിറങ്ങി 2 കി.മീ പിന്നിട്ട് തമിഴ്നാട് ചെക്ക് പോയന്റ്. വാഹനത്തിലെ ആളുകളുകളുടെ വിവരങ്ങൾ നൽകി അനുമതി വാങ്ങി. തിരിച്ച് ഇതുവഴി മടങ്ങി വരുമെങ്കിൽ അതിന്റെ ഉറപ്പ് കൂടി നൽകണം. എല്ലാം അഞ്ച് മിനിട്ട് കൊണ്ട് പൂർത്തിയാക്കി ഷോളയാർ ഡാമിന്റെ കാഴ്ചകളിലേക്ക്. ഡാമും പരിസരവും കുറച്ചു സമയം കറങ്ങി. നടന്നു കണ്ടു. ചെറിയ മഞ്ഞും ചാറ്റൽ മഴയും ഇടകലർന്ന പ്രതീതി. അവിടെ നിന്നും 26 കി.മീ ദൂരമുള്ള വാൾപാറ എന്ന തമിഴ്നാട്ടിലെ ചെറിയ ടൗണിലേക്ക്. ചെറിയ കെട്ടിടങ്ങളായുള്ള വാൾ പാറ ടൗണിലാണ് ചാലക്കുടി കഴിഞ്ഞാൽ പിന്നെ പെട്രോൾ പമ്പുള്ളത്. പിന്നെ എ.ടി.എം കൗണ്ടറുകളുമുണ്ട്. വാൾപാറയിൽ നിന്നും പിന്നെ ആളിയാർ ഡാമിലേക്ക്. ചെറിയ കുന്ന് കയറി മുകളിലെത്തി 40 ഹയർ പിൻ പിന്നിട്ട് വേണം ഈ ഡാമിലെത്താൻ.

ഈ ചുരം കയറുമ്പോൾ തന്നെ മുമ്പ് ഹോട്ടലുടമ പറഞ്ഞ പോലെ കനത്ത മൂടൽ മഞ്ഞ് യാത്രയുടെ മുൻ കാഴ്ച പൂർണമായും മറച്ചു. വാഹനത്തിന്റെ ഹെഡ് ലൈറ്റ് ബ്രൈറ്റിലിട്ടിട്ടും വേണ്ടത്ര കാഴ്ചയില്ല. പതിയെ രണ്ട് ചുരം ഇറങ്ങിയ ശേഷമാണ് കാഴ്ച പൂർവ്വസ്ഥിതിയിലായത്. സമയം വൈകുന്നേരം 4 മണി ആയിട്ടുണ്ട്. താഴേക്ക് ഇറങ്ങി ഒമ്പതാം വളവിലെ വ്യൂ പോയന്റിൽ നിന്നും ആളിയാർ ഡാമിന്റെ കാഴ്ചയുടെ സൗന്ദര്യം വിവരണാതീതമാണ്. ഇതുവരെ കണ്ട മനോഹര കാഴ്ചകളുടെ ഒരു സമാപന വെടിക്കെട്ട് പോലെ ആ സുന്ദര കാഴ്ച. പ്രകൃതിയുടെ വരദാനം പോലെ സുന്ദരമായ കാഴ്ചകൾ. പിന്നെ ആളിയാർ ഡാമിലേക്ക് ചെരിഞ്ഞിറങ്ങുന്ന പോലുള്ള റോഡിലൂടെ താഴോട്ട്. വഴിയിൽ മങ്കി ഫാൾസ് എന്ന് രേഖപ്പെടുത്തി കുരങ്ങുകളുടെ ആവാസ കേന്ദ്രം. ആളിയാർ ഡാമും ചുറ്റുമുള്ള ഉദ്യാനവും ഓട്ടപ്രദിക്ഷണം നടത്തിയ ശേഷം പൊള്ളാച്ചിയിലേക്ക്. പൊള്ളാച്ചിയിൽ നിന്നും വാങ്ങിയ സ്പെഷൽ മുറുക്കും പൊരിയും കൊറിച്ച് രാത്രി പാലക്കാട്ടേക്ക് തിരിക്കുമ്പോൾ മനസ്സ് നിറയെ പിന്നിട്ട വഴികളിലെ പ്രകൃതിയുടെ വർണക്കാഴ്ചയുടെ മഹാവിസ്മയമായിരുന്നു.



